**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5771** **16-03-2023 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് താലൂക്കാശുപത്രി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലയിൻകീഴ് താലൂക്കാശുപത്രിയ്ക്കായി കിഫ്ബി മുഖേന നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | മലയിൻകീഴ് താലൂക്കാശു പത്രിയിൽ 23,31,41,407/- രൂപയുടെ ഭരണാനുമതി നൽകുകയും കിറ്റ്കോയേ നിർവ്വഹണ ഏജൻസിയായി നിയോഗിക്കുകയും ചെയ്ത പദ്ധതിയ്ക്ക് 15.25 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ 15% ഫിസിക്കൽ പ്രോഗ്രസ്സ് പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. പുതിയ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പില്ലർ നിർമ്മാണവും Sump Tank ന്റെ ബേസ്മെന്റ് സ്ലാബും നിലവിൽ പൂർത്തിയായിട്ടുണ്ട്. ബാക്കി നിർമ്മാണ പ്രവർത്തികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. 2023 ഡിസംബറിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിനായി നിർമ്മാണ പ്രവർത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു |
| (സി) | നിലവിലെ സ്ഥിതിയിൽ മലയിൻകീഴ് താലൂക്കാശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. 2023 ഡിസംബറിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിനായി നിർമ്മാണ പ്രവർത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ